**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.801** | **08.01.2014-ൽ മറുപടിക്ക്**

**തിമിര ശസ്ത്രക്രിയയെത്തുടർന്ന് കാഴ്ച നഷ്ടപ്പെട്ട സംഭവം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബാബു.എം.പാലിശ്ശേരി**<br>**,, പി.ശ്രീരാമകൃഷ്ണൻ**<br>**,, എസ്.ശർമ്മ**<br>**,, കെ.വി.അബ്ദുൾ ഖാദർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കുന്നംകുളം താലൂക്കാശുപത്രിയിൽ തിമിര ശസ്ത്രക്രിയയെത്തുടർന്ന് ഒൻപത് പേർക്ക് കാഴ്ച നഷ്ടപ്പെടാനിടയായതിനെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നുവോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഡോ.ബീന.എം, ഐ.എ.എസ്, സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ചികിത്സാപിഴവ് വരുത്തിയവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | (ബി) ശസ്ത്രക്രിയ നടത്തിയ ഡോ.കെ.ആർ.പ്രദീപ്കുമാറിനെയും (ജൂനിയർ കൺസൾട്ടന്റ് (ഒഫ്താൽമോളജി)), ഓപ്പറേഷൻ തീയറ്ററിൽ ഹെഡ്നേഴ്സ് ഇൻചാർജ്ജ് ആയിരുന്ന ശ്രീമതി.എൻ.രമണിയെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്തിട്ടുണ്ട്. സ്റ്റാഫ് നേഴ്സ്, നേഴ്സിംഗ് അസിസ്റ്റന്റ് എന്നിവരെ സ്ഥലം മാറ്റുകയും ചെയ്തു. |
| സി) കാഴ്ച നഷ്ടപ്പെട്ടവർക്ക് നല്കിയ സഹായവും നഷ്ടപരിഹാരവും എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | സി) കാഴ്ച നഷ്ടപ്പെട്ടവർക്കും ഭാഗികമായി കാഴ്ച നഷ്ടപ്പെട്ടവർക്കും മെഡിക്കൽ കോളേജ് ആശുപത്രിയിൽ തുടർ ചികിത്സ ഇപ്പോഴും നൽകിവരുന്നു. കൂടാതെ, പൂർണ്ണമായും കാഴ്ചശക്തി നഷ്ടപ്പെട്ട ശ്രീമതി.വിജയലക്ഷ്മി, ശ്രീ.രാജൻ, ശ്രീ.ബാലൻ, ശ്രീ.കുട്ടപ്പൻ, ശ്രീമതി.തങ്ക എന്നിവർക്ക് 3 ലക്ഷം രൂപ വീതവും, ഭാഗികമായി കാഴ്ചശക്തി നഷ്ടപ്പെട്ട ശ്രീമതി.വിശാലം, ശ്രീ.രവി എന്നിവർക്ക് ഓരോ ലക്ഷം രൂപ വീതവും (ആകെ 17 ലക്ഷം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും |

അനുവദിക്കുകയും തുക വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഡി) പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ മറ്റ് ആശുപത്രികളിൽ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

ഡി) ഓപ്പറേഷൻ തീയറ്ററുകൾ ശരിയായ രീതിയിൽ അണുവിമുക്തമായി സൂക്ഷിക്കാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നേത്രരോഗശസ്ത്രക്രിയ നടത്തുന്ന ആശുപത്രികളിലെ സ്റ്റാഫ് നേഴ്സ്, ഹെഡ് നേഴ്സ്, ഇൻഫെക്ഷൻ കൺട്രോൾ നേഴ്സ്, നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് I, ഗ്രേഡ് II എന്നിവർക്ക് ഇൻഫക്ഷൻ കൺട്രോൾ പരിശീലനം നവംബർ 25-ാം തീയതി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിൽ വച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനതലത്തിൽ താലൂക്ക് ആശുപത്രി/ ജില്ലാ/ ജനറൽ ആശുപത്രി സൂപ്രണ്ടുമാർ ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് എന്നിവർക്ക് ഇൻഫക്ഷൻ കൺട്രോൾ പ്രാക്ടീസിൽ പരിശീലനം നൽകുകയുണ്ടായി.

ഇ) സൗജന്യക്യാമ്പുകളുടെ മറവിൽ സ്വകാര്യ ആശുപത്രികൾ തിമിര ശസ്ത്രക്രിയയ്ക്കായി ആളുകളെ കാൻവാസ് ചെയ്യുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

ഇ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**